(സി) എയ്ഡഡ് ഹൈസ്കൂളുകളിലെ സീറ്റുകളിൽ എത്ര ശതമാനമാണ് മെറിറ്റടിസ്ഥാനത്തിൽ പ്രവേശനത്തിനായി നീക്കിവെച്ചിട്ടുള്ളത്; ഇതിൽ എത്ര ശതമാനമാണ് പിന്നോക്കവിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ളത്.

(ഡി) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ മാനേജ്മെന്റ് കാറ്റഗറിയിലുള്ള സീറ്റുകളിലും പിന്നോക്കവിഭാഗങ്ങൾക്കുള്ള സംവരണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹയർ സെക്കണ്ടറി പ്രവേശനത്തിനായി തയ്യാറാക്കിയ സോഫ്റ്റ്വെയർ എല്ലാ സ്കൂളുകളിലും നൽകിയിരുന്നു. ഈ സോഫ്റ്റ്വെയറിന്റെ പ്രവർത്തനം സംബന്ധിച്ച് ഉണ്ടായ പരാതികളും യഥാസമയം ഇന്റർനെറ്റ് വഴി നിർദ്ദേശം നൽകി പരിഹരിക്കുകയും അഡ്മിഷൻ കുറ്റമറ്റ രീതിയിൽ സുഗമമായി നടത്തുന്നതിന് നടപടി എടുത്തിരുന്നു. ക്രമക്കേട് ചൂണ്ടിക്കാട്ടി പ്രത്യേകിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) എയ്ഡഡ് സ്കൂളുകളിലെ സീറ്റുകളിൽ 50% സീറ്റുകളും മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷനായി നീക്കിവച്ചിട്ടുണ്ട്. ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന സ്കൂളുകളിൽ 40% മാനേജ്മെന്റ് കാറ്റഗറിയിൽ 20% സീറ്റുകളും അതായത് ന്യൂനപക്ഷ സമുദായങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

ഐ. എച്ച്. ആർ. ഡി.-യുടെ ഒരു ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ

100 [2415] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പളയിൽ ഐ. എച്ച്. ആർ. ഡി. യുടെ ഒരു ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

ഐ. എച്ച്. ആർ. ഡി.-യുടെ കീഴിൽ ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ രണ്ടേക്കർ സ്ഥലവും താല്കാലിക കെട്ടിടസൗകര്യവും സ്പോൺസർ ചെയ്യുന്ന വ്യക്തിയോ സ്ഥാപനമോ സൗജന്യമായി ഐ. എച്ച്. ആർ. ഡി.-യ്ക്ക് നൽകണമെന്ന നിബന്ധന നിലവിലുണ്ട്. മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പളയിൽ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ സ്ഥാപിക്കുന്നതിന് സ്ഥലവും താല്കാലിക കെട്ടിടവും സ്പോൺസറിംഗ് കമ്മിറ്റി (പഞ്ചായത്ത്) ഐ. എച്ച്. ആർ. ഡി.-യ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് ലഭ്യമാകുന്ന മുറയ്ക്കേ ഇവിടെ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ സ്ഥാപിക്കുന്നതിനുള്ള മറ്റു നടപടികൾ സ്വീകരിക്കാനാവൂ.

LIBRARY ARCHIVES Kerala Legislative Assembly